LIBRARY ARCHIVES Kerala Legislative Assembly

എസ്.എസ്.എൽ.സി. പരീക്ഷാഫലം പരാതികൾക്ക് പരിഹാരം

24 (1041) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2015-ലെ എസ്.എസ്.എൽ.സി. പരീക്ഷാ ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ; ഈ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഇനി എത്ര പരാതികൾ പരിഹരിക്കാനുണ്ട് എന്നും വ്യക്തമാക്കാമോ ?

ഉത്തരം

260 പരാതികൾ ലഭിച്ചിട്ടുണ്ട്. 205 പരാതികൾ ഗ്രേസ് മാർക്കുമായി ബന്ധപ്പെട്ടതാണ്. ബാക്കി 55 പരാതികൾ മറ്റ് വിഷയവുമായി ബന്ധപ്പെട്ടതായിരുന്നു. മുഴുവൻ പരാതികളും പരിഹരിച്ചിട്ടുണ്ട്.

പ്ലസ് ടു വിന് അധിക ബാച്ചുകൾ

25 (1042) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി പ്ലസ്ടുവിന് അധിക ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സ്കൂൾ പാചക തൊഴിലാളികൾക്ക് നല്കുന്ന ആനുകൂല്യങ്ങൾ

26 (1044) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ പാചക തൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ ;

(ബി) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ പാചക തൊഴിലാളികൾക്ക് മറ്റ് ജീവനക്കാരെ പോലെ സേവന വേതന വ്യവസ്ഥയിൽ ഉൾപ്പെടുത്തി നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ സ്കൂൾ പ്രവൃത്തിദിനം ദിവസം 200 രൂപ നിരക്കിലും 150-ന് മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ 200 രൂപയ്ക്ക് പുറമെ കുട്ടിയൊന്നിന് 25 പൈസ നിരക്കിൽ പരമാവധി 250 രൂപ നൽകി വരുന്നു. കൂടാതെ ഓണക്കാലത്ത് ഉത്സവബത്തയും നൽകുന്നുണ്ട്. 2014-ലെ ഓണത്തിന് 1,000 രൂപയാണ് ഉത്സവ ബത്തയായി അനുവദിച്ചിട്ടുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സ്മാർട്ട് ക്ലാസ്

27 (1045) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ മുഴുവൻ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് ആക്കുമെന്ന 2012-13-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) 2012-13 വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് മുറിയെങ്കിലും നിർമ്മിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; ഒരു സ്മാർട്ട് ക്ലാസ് റൂം പോലും ഇല്ലാത്ത എത്ര സ്കൂളുകൾ സംസ്ഥാനത്തുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) 2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച വരുന്നു.

സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ

28 (1046) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ തുറക്കുന്നതിന് മുമ്പായി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ബാലാവകാശ കമ്മീഷന്റെ ഉത്തരവുപ്രകാരം എല്ലാ വിദ്യാലയങ്ങളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സംവിധാനം ശരിയായവിധം നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly